പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1888 01.11.2019-ലെ മറുപടിക്ക്

## കോഴിക്കോട് നഗരത്തിൽ മൊബിലിറ്റി ഹബ്ബ്

ചോദ്യം

ശ്രീ.എ. പ്രദീപ്കുമാർ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് നഗരത്തിൽ മലാപ്പറമ്പ് ഭാഗത്ത് മൊബിലിറ്റി ഹബ്ബ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 12.04.2018, 05.12.2018, 04.09.2019 തീയതികളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർക്കുകയുണ്ടായി. യോഗത്തിൽ, പദ്ധതി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ ഓഫീസറായി കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ബസ് പോർട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിന്, ടൗൺ & കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ട സ്ഥലത്തിന്റെ ലഭ്യത സംബന്ധിച്ചും ഇത് ഏറ്റെടുക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് ജില്ലാ കളക്ടറോട് അവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ